നമ്പർ. സി.5/ഇ-126291/റ്റി.സി/2020

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ
തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice.mvd@kerala.gov.in ]
തീയ്യതി, 07.03.2020

## സർക്കുലർ നമ്പർ 06/2020

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ഇരുചക്ര വാഹനങ്ങളിൽ ഇന്ധനടാങ്കിനുമുകളിൽ കുട്ടികളെ ഇരുത്തിക്കൊണ്ട് പോകുന്നതിനെതിരെ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച് :-

സൂചന :- 01.07.2019 തീയതിയിലെ ബഹുമാനപ്പെട്ട കേരള ബാലാവകാശകമ്മീഷന്റെ CRMP No.2761-C/C1/2019/KeSCPCR നമ്പർ ഉത്തരവ്.

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. ഇരുചക്ര വാഹനങ്ങളിൽ കുട്ടികളുമായി യാത്ര ചെയ്യുന്ന ഇരുചക്രവാഹനയാത്രക്കാർക്ക് കുട്ടികളുടെ സുരക്ഷിതത്വത്തിൽ വേണ്ട ശ്രദ്ധ ചെലുത്തുന്നതിലേയ്ക്കായി ഒരു അവബോധം നൽകുവാനും, കൂടാതെ കുട്ടികളെ ഇന്ധന ടാങ്കിനു മുകളിൽ വളരെ അപകടകരമായ രീതിയിൽ ഇരുത്തിക്കൊണ്ട് പോകുന്ന ഇരുചക്രവാഹനയാത്രക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുവാനും ബഹുമാനപ്പെട്ട കേരള ബാലാവകാശകമ്മീഷൻ സൂചന പ്രകാരമുള്ള ഉത്തരവിനാൽ നിർദ്ദേശം നൽകിയിരിക്കുന്നു. ആയതിനാൽ വാഹന പരിശോധന നടത്തുന്ന വേളയിൽ കുട്ടികളെയും വഹിച്ചുകൊണ്ട് യാത്ര ചെയ്യുന്ന ഇരുചക്ര വാഹന യാത്രക്കാർക്ക് മേൽസൂചിപ്പിച്ചിരിക്കുന്ന വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊടുക്കുവാനും ആയത് സംബന്ധിച്ച് ഒരു അവബോധം ഉണ്ടാക്കുവാനും നിർദ്ദേശിക്കുന്നു. കൂടാതെ ഇന്ധന ടാങ്കിനുമുകളിൽ അപകടകരമായ രീതിയിൽ കുട്ടികളെ ഇരുത്തിക്കൊണ്ട് പോകുന്ന നിയമലംഘനത്തിനെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

Vehal
10/3

ട്രാൻസ്പോർട്ട് കമ്മീഷണർ

ആർ.ആർ.